ഭരണഭാഷ മാതൃഭാഷ

Website:www.keralapsc.gov.in
E-mail:kpsc@keralapsc.org
Telephone:0481-2578278

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, കോട്ടയം

നമ്പർ: **KI(5)2574/11(2)** 11606

കോട്ടയം
26 03.2015

E 10

From
ജില്ലാ ഓഫീസർ
കേരള പബ്ളിക് സർവീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കോട്ടയം

To
The Director of Social Justice
Directorate of Social Justice
Vikas Bhavan
Thiruvananthapuram.

OFFICE OF THE DIRECTOR OF SOCIAL JUSTICE
30 MAR 2015
TRIVANDRUM

സർ,

വിഷയം: സർവ്വീസ് വെരിഫിക്കേഷൻ – നിയമനപരിശോധന തീയതി അറിയിക്കുന്നതു സംബന്ധിച്ച്

സൂചന: 1.താങ്കളുടെ 27.09.2014-ലെ E10/36496/13 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കളുടെ ആഫീസിൽ നിന്നും സർവ്വീസ് ക്രമവൽക്കരിക്കപ്പെടുന്നതിനു മുന്നോടിയായുള്ള നിയമന പരിശോധന നടത്തുന്നതിനായി സൂചന പ്രകാരം അറിയിച്ച താഴെ പട്ടികയിൽ പറയുന്ന ഉദ്യോഗസ്ഥരുടെ നിയമനപരിശോധന അവരുടെ പേരിന് നേർക്ക് സൂചിപ്പിച്ചിരിക്കുന്ന തീയതിയിലും സമയത്തും നടത്താൻ നിശ്ചയിച്ചിരിക്കുന്നു. നിയമനപരിശോധനക്കായി ടി ഉദ്യോഗസ്ഥരോട് സ്വന്തം ചെലവിൽ <u>മുട്ടമ്പലത്തുള്ള കോട്ടയം ജില്ലാ പി.എസ്.സി ഓഫീസിൽ</u> എസ്.എസ്.എൽ.സി ബുക്കും കൂടാതെ താഴെ പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നു സഹിതം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി) നേരിട്ട് ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

എ) ഉദ്യോഗസ്ഥർക്ക് വകുപ്പ് /സ്ഥാപനം നൽകുന്ന തിരിച്ചറിയൽ കാർഡ്
ബി) തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ കാർഡ്
സി) ഡ്രൈവിങ്ങ് ലൈസൻസ്
ഡി) പാസ്പോർട്ട്
ഇ)കേരള സർക്കാർ സാമൂഹ്യക്ഷേമവകുപ്പ് വികലാംഗർക്ക് നൽകിയ തിരിച്ചറിയൽ കാർഡ്
എഫ്) ദേശസാൽകൃത ബാങ്ക് നൽകിയ ഫോട്ടോ പതിച്ച പാസ് ബുക്ക്
ജി) പാൻ കാർഡ്
എച്ച്) ആധാർ കാർഡ്

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | വെരിഫിക്കേഷൻ തീയതിയും സമയവും |
|---|---|---|---|
| 1 | Gopinath R | L.D.Clerk | **07.04.2015, 9.00 am** |

ഉദ്യോഗസ്ഥർക്ക് ഈ വിഷയത്തിൽ ഈ ആഫീസിൽ നിന്നും വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

വിശ്വസ്തതയോടെ,

(signature)

ജില്ലാ ആഫീസർ
കേരള പബ്ളിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കോട്ടയം